<u>പതിനാലാം കേരള നിയമസഭ</u>

<u>നാലാം സമ്മേളനം</u>

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2326 08.03.2017 ൽ മറുപടിയ്ക്ക്**

## <u>പാരമ്പര്യേതര വൈദ്യുത സ്രോതസ്സുകൾ</u>

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. ആർ.രാമചന്ദ്രൻ | | | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് പാരമ്പര്യേതര വൈദ്യുത സ്രോതസ്സുകളെ പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദീകരിക്കുമോ; | (എ) | പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം എന്നിവയിൽ നിന്നുള്ള ഊർജ്ജ ഉൽപ്പാദനം ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ മുഖേന ഇതുവരെ പൂർത്തീകരിച്ചതും നിർമ്മാണം നടന്നു വരുന്നതും വിഭാവനം ചെയ്തിട്ടുള്ളതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>ഇടുക്കി ജില്ലയിലെ രാമക്കൽ മേട്, പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്, അഗളി, അട്ടപ്പാടി മേഖലകൾ അടക്കം സംസ്ഥാനത്ത് കാറ്റാടി നിലയങ്ങൾക്ക് സാധ്യതയുള്ള വിവിധ കേന്ദ്രങ്ങളിൽ കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br>അനെർട്ട് മുഖേന 2016-17 വർഷത്തെ പ്ലാൻ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി 5000 കിലോവാട്ട്) കേന്ദ്ര സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ചു നൽകുന്നതിനും 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ്ഗ്രിഡ് സോളാർ പവർപ്ലാന്റുകൾ (ആകെ ശേഷി 6400 കിലോവാട്ട്) കേന്ദ്ര സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചു നൽകുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ഒറ്റപ്പെട്ട വിദൂരസ്ഥമായ വീടുകളിൽ സോളാർ വൈദ്യുതീകരണം നടത്തുന്നതിനും പദ്ധതി നിലവിലുണ്ട്. ആകെ 2000 വീടുകളാണ് ഇത്തരത്തിൽ വൈദ്യുതീകരിച്ചു കൊണ്ടിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | പാരമ്പര്യേതര വൈദ്യുത സ്രോതസ്സുകളിൽ നിന്ന് വൈദ്യുതി ബോർഡിലേക്ക് പ്രതിവർഷം എത്ര വൈദ്യുതി ലഭിക്കുന്നുവെന്ന് വിശദീകരിക്കുമോ; | (ബി) | ഇതുവരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 14 സോളാർ പദ്ധതികളിൽ നിന്നായി 9.3613 മെഗാവാട്ട് വൈദ്യുതിയും, സിയാൽ 15.4 മെഗാവാട്ട് (സൗരോർജ്ജം) ഹിൻഡാൽകോ 1 മെഗാവാട്ട് (സൗരോർജ്ജം), സ്വകാര്യ വ്യക്തികൾ 4.02 മെഗാവാട്ട് വൈദ്യുതിയും ഗ്രിഡിലേയ്ക്ക് പ്രവഹിപ്പിക്കുന്നുണ്ട്.<br>അനെർട്ടിന്റെ ഉടമസ്ഥതയിലുള്ള സോളാർ പവർപ്ലാന്റിൽ നിന്നും 2 മെഗാവാട്ടും സംസ്ഥാനത്ത് നിലവിലുള്ള കാറ്റാടി നിലയങ്ങളിൽ നിന്നും 43.3 മെഗാവാട്ടും വൈദ്യുതി ബോർഡിന്റെ ശൃംഖലയിലേക്ക് നൽകി വരുന്നു. |
| (സി) | കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിഹരി ക്കുന്നതിന് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പ്രോത് സാഹിപ്പിക്കുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾക്ക് സാമ്പത്തിക സാങ്കേതിക സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | അനെർട്ട് മുഖേന സ്ഥാപിച്ചു നൽകുന്ന 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർപ്ലാന്റുകൾക്ക് കിലോവാട്ടിന് 22,500/- രൂപ കേന്ദ്ര സർക്കാർ സബ്സിഡിയും 7200/- രൂപ സംസ്ഥാന സർക്കാർ സബ്സിഡിയും ലഭ്യമാണ്. കൂടാതെ 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർപ്ലാന്റുകൾ സ്ഥാപിക്കുന്ന ഉപഭോക്താക്കൾക്ക് കിലോവാട്ടിന് 45000/- രൂപ കേന്ദ്ര സർക്കാർ സബ്സിഡിയും 22500/- രൂപ സംസ്ഥാന സർക്കാർ സബ്സിഡിയും നിലവിലുണ്ട്. കൂടാതെ ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിലെ വൈദ്യുതി എത്താത്ത 2000 വീടുകൾ സൗജന്യമായിട്ടാണ് സൗരോർജ്ജം ഉപയോഗപ്പെടുത്തി വൈദ്യുതീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

ദിനംപ്രതി

## കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പൂർത്തീകരിച്ച തീയതി |
|---|---|---|---|
| 1 | കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്) | 1.00 | 20.08.2015 |
| 2 | ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ | 0.096 | 31.08.2015 |
| 3 | പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ | 0.050 | 10.09.2015 |
| 4 | ഫ്ലോട്ടിംഗ് സോളാർ - ബാണാസുരസാഗർ റിസർവോയറിൽ | 0.010 | 21.01.2016 |
| 5 | ബാണാസുരസാഗർ റിസർവോയറിൽ പരിസരത്തുള്ള സോളാർ ട്രീ, സോളാർ ഫൗണ്ടൻ, സോളാർ ഫ്ലവർ, സോളാർ ക്യാനപ്പി | 0.003372 | 21.01.2016 |
| 6 | കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത് | 1.00 | 08.08.2016 |
| 7 | പടിഞ്ഞാറത്തറ ഡാമിനു മുകളിൽ | 0.44 | 29.08.2016 |
| 8 | ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫിസ് പരിസരത്ത് | 1.25 | 05.09.2016 |
| 9 | ജനറേഷൻ റൂഫ് ടോപ്പ് പദ്ധതി 17 എണ്ണം | 0.7 | |
| 10 | പാലക്കാട് 5 ആദിവാസി കോളനി (ഡി.ഡി.ജി) | 0.047 | |
| 11 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്റ്റ് കനാൽ ബാങ്ക് | 1.00 | |
| 12 | പാലക്കാട് 2 ആദിവാസി കോളനികൾ (ഡി.ഡി.ജി) | 0.065 | |
| 13 | ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്റ്റ് കനാൽ ടോപ്പ് | 3.00 | |
| 14 | കെ.എസ്.ഇ.ബി യുടെ ജനറേഷൻ വിഭാഗത്തിലെ അനുയോജ്യമായ പവർ ഹൗസ് കെട്ടിടങ്ങളുടെ മുകളിൽ ഗ്രിഡ് കണക്റ്റഡ് (17 നം.) 1 എണ്ണം നിർമ്മാണം പൂർത്തീകരിച്ചു. | 0.7 | |
| | ആകെ | 9.361372 | |

## നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം | കരാർ തുക (ലക്ഷം) |
|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം) | 0.91 | നിർമ്മാണം അവസാനഘട്ടത്തിലാണ് | 764.86 |
| 2 | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം) | 0.46 | നിർമ്മാണം അവസാനഘട്ടത്തിലാണ് | 382.089 |
| 3 | പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത് | 2.00 | നിർമ്മാണം പുരോഗമിക്കുന്നു | 1179 |
| 4 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 | നിർമ്മാണം പുരോഗമിക്കുന്നു | 450 |
| 5 | ബാണാസുരസാഗർ റിസർവൊയർ/ കക്കയം ഗ്രിഡ് കണക്റ്റ് ഫ്ലോട്ടിംഗ് | 0.50 | നിർമ്മാണം പുരോഗമിക്കുന്നു | 924.5 |
| 6 | പീരുമേട്, ഇടുക്കി | 0.50 | വർക്ക് ഓർഡർ നൽകി | 360.35 |
| 7 | ഏറ്റുമാനൂർ, കോട്ടയം | 1.00 | നിർമ്മാണം പുരോഗമിക്കുന്നു | 668.72 |
| 8 | നെന്മാറ | 1.5 | വർക്ക് ഓർഡർ നൽകി | 969 |
| 9 | പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 | നിർമ്മാണം പുരോഗമിക്കുന്നു | 772 |
| 10 | മഞ്ചേശ്വരം കാസർഗോഡ് | 0.50 | വർക്ക് ഓർഡർ നൽകി | 369.3 |
| 11 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിന്റെ മുകളിൽ | 0.03 | നിർമ്മാണം അവസാനഘട്ടത്തിലാണ് | 228 |
| 12 | പൊന്നാനി, മലപ്പുറം | 0.50 | നിർമ്മാണം ആരംഭിച്ചു | 353.9052 |
| 13 | കുറ്റിപ്പുറം | 0.50 | വർക്ക് ഓർഡർ നൽകി | 345.94 |
| | ആകെ | 10.3 | | |

## ടെൻഡർ ഘട്ടത്തിലുള്ള സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പി.എ.സി |
|---|---|---|---|
| 1 | കൊട്ടിയം, കൊല്ലം | 0.60 | 375 |
| 2 | മയിലാട്ടി, കാസർഗോഡ് | 1.00 | 625.85 |
| 3 | മാടക്കത്തറ & ചുളിശ്ശേരി, തൃശ്ശൂർ | 1.50 | 962 |
| 4 | കെ.എസ്.ഇ.ബി.എൽ ന്റെ അധീനതയിലുള്ള വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (IPDS) | 1.12 | 784 |
| 5 | പെരുംതേനരുവി, പത്തനംതിട്ട | 0.45 | 356.6 |
| 6 | 8 സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ (ലാഭപ്രദ സ്കീം പ്രകാരം) | 0.04 | 32 |
| | ആകെ | 4.71 | |

## കാറ്റിൽ നിന്നുള്ള പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം |
|---|---|---|---|
| 1 | 300 വാട്സ് ശേഷിയുള്ള 3 കാറ്റാടി യന്ത്രങ്ങൾ വൈദ്യുതി ഭവന്റെ മേൽക്കൂരയിൽ | 0.0009 | 300 വാട്സ് ശേഷിയുള്ള 3 കാറ്റാടി യന്ത്രങ്ങൾ വൈദ്യുതി ഭവന്റെ മേൽക്കൂരയിൽ സ്ഥാപിച്ചു. |
| 2 | പൂവാർ ഫിഷർമെൻ കോളനി മൈക്രോ വിൻഡ് 50 നമ്പർ 20KW | 1 | ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട് |
| 3 | കഞ്ചിക്കോട് (ഹൈബ്രിഡ് പാർക്ക്)<br>1. വിൻഡ് (2.25 MW)<br>2. ഇന്റർ ക്രോപ്പിങ്ങ് വിൻഡ് (4.65MW) | 2.625<br>3.75 | 2.625 മെഗാവാട്ട് വിൻഡിന്റെ പദ്ധതിയുടെ എസ്പ്രെഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പരാജയപ്പെട്ടതിനെ തുടർന്നാണിത് |
| | **ആകെ** | 7.3759 | |